# Athmaraksha.org

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## ദുഷ്ട കൂട്ടുകെട്ടുകൾ - കടപ്പാട്: റവ.ഫാ.ഡേവിസ് പട്ടത്ത്




ജീവിതത്തിന്റെ വസന്തമാണ് യൗവ്വനം. കൗമാരത്തിലും യൗവ്വനത്തിലുമാണ് സ്വപ്നങ്ങളും ആദർശങ്ങളും വിശ്വാസങ്ങളും നട്ടു വളർത്തി ജീവിതം ശോഭനമാക്കേണ്ടത്. സംഘർഷപൂരിതമായ ഈ കാലഘട്ടത്തിൽ നല്ല തിരഞ്ഞെടുപ്പുകൾ വഴി ദുർവഴികൾ വിട്ട് നേർവഴിയിലൂടെ നടക്കാൻ കൊതിക്കുന്നവർക്ക് ഈ ഗ്രന്ഥം ഒരുവഴികാട്ടിയായിരിക്കും. നിരാശ നിറഞ്ഞ അന്തരീക്ഷത്തിലും ജീവിതം അർത്ഥ പൂർണ്ണമാക്കാനുള്ള അവസരങ്ങളുണ്ട്. ജീവിതഭാരം ദുസ്സഹമായിത്തീരുമ്പോൾ ദൈവസന്നിധിയിൽ ഇറക്കിവക്കുന്നു. നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും (സുഭാഷിതങ്ങൾ 16:3). നല്ല വഴിതിരഞ്ഞെടുക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കും.

### യുവാവേ, യുവതി സ്വർഗ്ഗവും നരകവും നിന്റെകൈകളിൽ

യുവാക്കൻമാരെ ഞാൻ നിങ്ങൾക്കെഴുതുന്നു നിങ്ങൾ ശക്തൻമാരാണ് ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു. നിങ്ങൾ ദുഷ്ടനെ ജയിക്കുകയുംചെയ്തിരിക്കുന്നു (1 യോഹ 2.14 )യുവാക്കളുടെമഹത്വം അവരുടെകരുത്താണ് (സുഭാ 20.29). ദൈവത്തിന്റെവചനത്താൽ നിറഞ്ഞ് ദുഷ്ടരെ ജയിക്കേണ്ട യുവത്വം.. . . യേശുവിനൊപ്പം യേശുവിന് വേണ്ടി ചിലവഴിക്കപ്പെടേണ്ട അമൂല്യമായ യൗവ്വനം ഇന്ന് ദുഷിച്ച കൂട്ടുകെട്ടിൽ തകർക്കപ്പെടുന്നു. സ്വന്തം ശക്തിയും വിശുദ്ധിയും നഷ്ടപ്പെടുത്തി ഈയാംപാറ്റകളെപ്പോലെ യൗവനങ്ങൾ നശിച്ചുവീഴുന്നു.

അല്ലയോ യുവജന, ജീവന്റെ ഉറവയായ യേശുവിനെയും.... യേശുവിന്റെ സഭയെയും...വികുർബ്ബാനയും കുമ്പസാരവും...സന്ധ്യപ്രാർത്ഥനയും ജപമാലയും...വചനവും ആത്മീയതയും ഉപേക്ഷിച്ചുള്ള നിങ്ങളുടെ ഈ ചോരതിളപ്പിന്റെ കുതിപ്പ് മരണത്തിന്റേയും നിത്യനാശത്തിന്റേയും ഭീകരതീരങ്ങളിലേക്കുള്ള കുതിപ്പാണെന്നറിയുക. ജന്മംതന്ന മാതാപിതാക്കളുടെ ഹൃദയം കീറിമുറിച്ച് അവരുടെകണ്ണീര് അവഗണിച്ചുള്ള ഈ ദുരന്തകുതിപ്പ് നിർത്തു.

ഓർക്കുക...
പിശാച് ആരെയും രക്ഷിച്ചിട്ടില്ല
പാപം ആരെയും രക്ഷിച്ചിട്ടില്ല
ലോകം ആരെയും രക്ഷിച്ചിട്ടില്ല.

ദുഷിച്ച കൂട്ടുകെട്ട് ആരെയും രക്ഷിച്ചിട്ടില്ല.
ദുഷ്ട കൂട്ടുകെട്ടുകളും പ്രേമ ബന്ധനങ്ങളും അിറയുക.

'ദുഷിച്ച കൂട്ടുകെട്ട് ചതുപ്പുനിലം പോലെയാണ്. നീ അതിൽ മുങ്ങി താഴരുത്. ദുഷിച്ച കൂട്ടുകാർക്ക് മെതിക്കാനുള്ള കളിപ്പാട്ടമല്ല നിന്റെ ജീവിതം. അവർക്കുവേണ്ടി അവർക്കൊപ്പം പാവക്കുത്താടരുത്."യേശുവിനെ ഭാരമേൽപിച്ച് തനിതങ്കമാകേണ്ട നിന്റെജീവിതം ദുഷിച്ച കൂട്ടുകെട്ടിന് ഭരമേൽപിച്ച് കരിക്കട്ടയാക്കരുത്.സുഹൃത് ബന്ധങ്ങൾ നിങ്ങളുടെ സ്വഭാവത്തെയും വ്യക്തിത്വത്തേയും ഭാവി ജീവിതത്തേയും സ്വാധീനിക്കുന്നുണ്ടെന്നറിയുക. 'നിന്റെ ജീവിതത്തെ നരകതുല്യമാക്കാനും സ്വർഗ്ഗ തുല്യമാക്കാനും കൂട്ടുകെട്ടിനു സാധിക്കും."

ഏതാനും ചില കൂട്ടുകാരുടെ ജീവിതം പരിചയപ്പെടുക.

ഉദാ-1 സാബു ഒത്തിരി നല്ല കുട്ടിയായിരുന്നു. നന്നായി പഠിക്കും. എന്നു ംവി. കുർബ്ബാന സ്വീകരിക്കും. മാതാപിതാക്കളുടെ അനുസരണയുള്ള ഏക മകൻ. +2 ൽ പഠിക്കുമ്പോൾ കൂട്ടുകാർ നൽകിയമോശമായ സി. ഡി. കാണാൻ ഇടയായത് അവന്റെ ജീവിതത്തെ തകർത്തു കളഞ്ഞു. ആ ദുഷിച്ച കൂട്ടുകാരനിലൂടെ സാബുചെന്നു പെട്ടത് ലൈംഗിക വൈകൃതങ്ങളിലേക്കാണ്. മയക്കു മരുന്നിനും പാൻപരാഗിനും അവൻ അടിമയായി മാതാപിതാക്കളിൽ നിന്നും ദേവാലയത്തിൽ നിന്നും അവൻ വളരെയധികം അകലുകയും പഠനത്തിൽ പരാജയപ്പെടുകയുംചെയ്തു. ജ്ഞാനം 4.12 പറയുന്നു - തിന്മയുടെ വശീകരണശക്തിയിൽ നന്മകൾ മങ്ങലേല്ക്കുന്നു ഭ്രമിക്കുന്ന മോഹങ്ങൾ നിഷ്കളങ്ക ഹൃദയത്തെ വഴിതെറ്റിക്കുന്നു.

ഉദാ-2 ഡാലി എന്ന പെൺകുട്ടിയെ തകർത്തത്, ക്ലാസ്സുമുറിയിലെ ദുഷ്ടകൂട്ടുകെട്ടിൽ പോയി ഇരുന്ന് അവരുടെ ചർച്ചകൾക്ക് വിവേകമില്ലാതെ ചെവുകൊടുത്തതുകൊണ്ടാണ്. ഡാലിയുടെ ഗ്രൂപ്പിൽ 3 പെൺകുട്ടികൾക്കും പ്രേമ രോഗമുണ്ട്. ഇവരുടെ ചർച്ചകളിലൂടെ പ്രേമരോഗം ക്രമേണ ഡാലിയിലേക്കും പകർന്നു.' പെണ്ണായാൽ ഒരുബോയ്ഫ്രണ്ട് വേണം അല്ലെങ്കിൽ പെണ്ണല്ല" എന്ന പൈശാചിക കമന്റ് ഡാലിയെ സ്വാധീനിച്ചു. അവൾ ഒരു പ്രേമ ചുഴിയിൽപെട്ട് ഒളിച്ചോടി. മകൾ നഷ്ടപ്പെട്ട വേദനയിൽ അപ്പൻ ഹൃദയാഘാതംമൂലം രമിച്ചു. ഒരു കുടുംബം തകർക്കപ്പെട്ടു. സുഭാഷിതങ്ങൾ 1.19 ൽ പറയുന്നു - മകനെ പാപികളുടെ പ്രലോഭനത്തിനു വഴങ്ങരുത്. നീ അവരുടെവഴിയെ പോകരുത് അവരുടെമാർഗ്ഗത്തിൽ നിന്ന്ഒഴിഞ്ഞുമാറുക. അവരുടെ പാദങ്ങൾ തിന്മയിലേക്ക് പായുന്നു.

ഉദാ-3 ടോണിയുടെ കൂട്ടുകെട്ട് മദ്യപിക്കുകയും സിഗരറ്റ് വലിക്കുകയും ചെയ്യുന്നവരുടെ കൂടെയാണ് എന്നാൽടോണി വലിക്കചഷ്ട കുടിക്കില്ല. 'ആണായാൽ അല്പം കുടിക്കും വലിക്കും നീയൊന്നും ആണല്ലടാ" എന്ന കൂട്ടുകാരുടെ പരിഹാസ വാക്കുകൾ. ടോണി കുടിച്ചു വലിച്ചു . മാരകമായ രോഗങ്ങളിലേയ്ക്ക് ടോണിയുടെ അമൂല്യമായ യൗവ്വനം വലിച്ചെറിയപ്പെട്ടു. 1 കോറിന്തോസ് 5.11 ൽ പറയുന്നു - സഹോദരൻ എന്നുവിളിക്കപ്പെടുന്നവൻ അസൻമാർഗ്ഗിയോ അത്യാഗ്രഹിയോ വിഗ്രഹാരാധകനോ പരദൂഷകനോ മദ്യപനോ കള്ളനോ ആണെന്ന്കണ്ടാൽ അവനുമായി സംസർഗ്ഗം പാടില്ല. അവനുമൊരുമിച്ചു ഭക്ഷണം കഴിക്കുക പോലുമരുത്. പ്രഭാഷകൻ 8.15 ൽ പറയുന്നു - വഴക്കാളിയുടെ കൂടെ നടക്കരുത്. നിനക്ക് ഭാരമായി തീരും. അവൻ തോന്നുംപടി നടന്ന് നിന്നെയും അപകടത്തിൽ ചാടിക്കും.

ഉദാ-4 ദാസ് എന്ന യുവാവിന്റെ കൂട്ടുകെട്ട് ദാസിനെ കൊണ്ടെത്തിച്ചത് സ്വവർഗ്ഗഭോഗത്തിന്റെ മരണ ചുഴിയിലേക്കാണ്. താൻ ഏയ്ഡ്സ് രോഗിയായി തീർന്നിരിക്കുന്നു എന്ന സത്യം വൈകിയാണ് അവൻ അറിഞ്ഞത്. തന്നിലൂടെ പലരും ഈ രോഗത്തിന്റെ പിടിയിലമർന്നിട്ടുണ്ട് എന്ന ഞെട്ടിക്കുന്ന സത്യവും അവൻ അറിഞ്ഞപ്പോൾ കുറ്റബോധവും നിരാശയും വേട്ടനായയെപ്പോലെ അവനെ പിൻതുടർന്നു. സങ്കീർത്തനം 107: 17-18 ൽ പറയുന്നു. പാപകരമായ മാർഗ്ഗങ്ങൾ പിന്തുടർന്ന് ചിലർ രോഗികളായി തീർന്നിരിക്കുന്നു. തങ്ങളുടെ അകൃത്യങ്ങളാൽ അവർ ദുരിതത്തിലായി. അവർ എല്ലാ ഭക്ഷണത്തേയും വെറുത്തു. അവർ മൃത്യുകവാടങ്ങളെ സമീപിച്ചു. 1കോറി.6 :10 ൽ പറയുന്നു. സ്വവർഗ്ഗഭോഗികൾ ദൈവരാജ്യം അവകാശമാക്കുകയില്ല.

ഉദാ-5 നീനുവിന്റെ ചേട്ടന്റെ കൂട്ടുകാർ എന്നും ചേട്ടനെ കാണാൻ വരുമായിരുന്നു. ചേട്ടന്റെ ദുഷിച്ച കൂട്ടുകെട്ട് വാക്ക് വ്യാപിച്ചതോടെ അതിന്റെ അശുദ്ധിയിൽ, പ്രലോഭനത്തിൽ നീനു വീണുപോയി.

വിവേകമില്ലാതെ ചേട്ടൻ ദുഷിച്ച കൂട്ടുകാരെ വീട്ടിൽ വിളിച്ച് കേറ്റിയപ്പോൾ സ്വന്തം സഹോദരി നശിക്കുകയാണെന്ന് ചേട്ടൻ അറിയുന്നുണ്ടായിരുന്നില്ല. പ്രഭാഷകൻ 11: 29-34 പറയുന്നു - എല്ലാവരേയും വീട്ടിലേയ്ക്ക് വിളിക്കരുത്. കൗശലക്കാരന്റെ ഉപായങ്ങൾ നിരവധിയാണ്. ചാരനെപ്പോലെ അവൻ ദൗർബല്യങ്ങൾ ഉറ്റുനോക്കുന്നു.

ഉദാ-6 റാണി വിവാഹത്തിനു മുമ്പേ ഗർഭിണിയാക്കപ്പെട്ടു. ആത്മഹത്യക്ക് അവൾ ശ്രമിച്ചെങ്കിലും അവൾ പരാജയപ്പെട്ടു. കുറ്റബോധവും നിരാശയും നിറഞ്ഞ മനസ്സോടെ മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങി റാണി വേറെയൊരു വിവാഹം കഴിച്ചെങ്കിലും കഴിഞ്ഞ കാല ജീവിതത്തിലെ തെറ്റുകളും ഉദരത്തിൽ വെച്ച് കൊന്ന കുഞ്ഞിന്റെ കരച്ചിലും അവളുടെ ദാമ്പത്യത്തെ ഇന്നും വേട്ടയാടുന്നു. സംഖ്യ 32 : 23 ൽ പറയുന്നു. നിങ്ങളുടെ പാപം നിങ്ങളെ വേട്ടയാടുമെന്ന് അറിഞ്ഞുകൊള്ളുക.

ഉദാ-7 കൂട്ടുകാർ നൽകിയ. നഗ്നചിത്രങ്ങളുടെ സീഡിയും പുസ്തകവും സിംകാർഡും ആനന്ദ് എന്ന യുവാവിനെ എത്തിച്ചത് സ്വയംഭോഗത്തിന്റെ തകർച്ചയിലേക്കാണ്. പഠനം പൂർത്തിയാക്കാൻ ആനന്ദിനായില്ല. പ്രഭാഷകൻ 6: 2 ൽ പറയുന്നു. അഭിലാഷങ്ങൾക്ക് അടിമപ്പെടരുത്. അവ നിന്നെ കാള കൂറ്റനെപ്പോലെ കുത്തികീറും. പ്രഭാഷകൻ 6 : 4ൽ പറയുന്നു. ദുഷിച്ച ഹൃദയം അവനവനെ തന്നെ നശിപ്പിക്കുന്നു.

ഉദാ-8 ബോണിക്ക് ആത്മീയതയോട് പുച്ഛമാണ്. വൈദീകരോടും സിസ്റ്റേഴ്സിനോടും പുച്ഛം. ദൈവവിശ്വാസം, സന്ധ്യാപ്രാർത്ഥന, കുർബ്ബാന ഇവയൊക്കെ തുരുമ്പെടുത്ത ആചാരങ്ങളാണെന്ന് വിശ്വസിച്ച് ചെന്നുപ്പെട്ടത് ബ്ലാക്ക് മാസിന്റെയും ഓജോ ബോർഡിന്റെയും പൈശാചിക ആരാധനാ ഗ്രൂപ്പുകളിൽ. ആഗ്രഹിച്ച സുഖവും നേട്ടവും കിട്ടിയെങ്കിലും ഒരുതരം മാനസിക രോഗിയായി ബോണി മാറിക്കഴിഞ്ഞു. മാതാപിതാക്കളുടെ തോരാത്ത കണ്ണീരു കാണാനുള്ള തിരിച്ചറിവുപോലും അവനു നഷ്ടപ്പെട്ടു. റോമ 6 :22 ൽ പറയുന്നു. പാപത്തിന്റെ വേതനം മരണമത്രേ.
യോഹ. 10: 11 ൽ പറയുന്നു. പിശാച് വരുന്നത് മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണ്.

ഉദാ-9 തൊണ്ടവേദനയുമായി ഹോസ്പിറ്റലിൽ പരിശോധനയ്ക്കെത്തിയതാണ് ആന്റണി. പരിശോധനഫലം വന്നു. തൊണ്ടയിൽ കാൻസറിന്റെ ആരംഭം. അപ്പോഴാണ് മാതാപിതാക്കൾ തന്റെ മകന്റെ പുകവലിയെക്കുറിച്ചും ലഹരിമരുന്നിന്റെ ഉപയോഗത്തെക്കുറിച്ചും അറിഞ്ഞത്. നാവിൻ ഇടയിലും ചുണ്ടിന്റെ ഇടയിലും തിരുകിയ ലഹരി കാൻസറായി രൂപാന്തരപ്പെട്ടു. കോഴ്സ് പൂർത്തിയാക്കാൻ സാധിക്കാതെ അവൻ ചികിത്സയുമായി കഴിഞ്ഞുകൂടുന്നു. ജീവിതം തുടങ്ങുന്നതിനു മുമ്പേ ജീവിതം പുകച്ചും കരിച്ചും കളഞ്ഞു. ജോബ് 20 :12-17 ൽ പറയുന്നു. അവന്റെ നാവിന് തിന്മ മധുരമായി തോന്നിയേക്കാം. അവനത് നാവിനിടയിൽ ഒളിച്ച് വച്ചേക്കാം. രുചി ആസ്വദിക്കാൻ വേണ്ടി ഇറക്കാതെ വായിൽ സൂക്ഷിച്ചാലും ഉദരത്തിലെത്തുമ്പോൾ അത് സർപ്പവിഷമായി പരിണമിക്കുന്നു. വിഴുങ്ങിയ സമ്പത്ത് അവൻ ഛർദ്ദിക്കുന്നു. അവൻ സർപ്പവിഷം കുടിക്കും. അണലിയുടെ കടിയേറ്റ് മരിക്കും. തേനും പാൽകട്ടിയും ഒഴുകുന്ന നദികളെ അവൻ നോക്കുകയില്ല.

ഉദാ-10 നല്ല ഉൽസാഹിയായിരുന്ന നിത്യ. പഠനത്തിലെ താൽപ്പര്യക്കുറവും വീട്ടിൽ എല്ലാവരിൽ നിന്നുള്ള ഒഴിഞ്ഞുമാറ്റവും വീട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടു. നിത്യയുടെ ജീവിതം തകർത്തത് മൊബൈൽ ഫോണിന്റെ ദുരുപയോഗമാണ്. എല്ലാം തമാശയ്ക്കു തുടങ്ങിയതാണ്. ടങട, ഇശലൈെ ഇമഹഹ, കില്വേില ്ഇവമേശിഴ പിന്നെ 10 മണി കഴിഞ്ഞാൽ അർദ്ധരാത്രി കഴിഞ്ഞും മൊബൈൽ വഴി പ്രേമസല്ലാപങ്ങളാണ്. അവളോടൊപ്പം എത്രയോ യുവാക്കൾ നശിക്കുന്നു. പ്രഭാ. 41: 22 പറയുന്നു. സ്നേഹിതന്മാരുടെ മുമ്പാകെ നടത്തിയ വഷളായ സംസാരത്തിന്റെ പേരിൽ ലജ്ജിക്കുക. പ്രഭാ. 23 :13 അസഭ്യഭാഷണം ശീലിക്കരുത്. 1 തിമോ. 6 : 20 അധാർമ്മികമായ വ്യർത്ഥഭാഷണത്തിൽ നിന്നും ഒഴിഞ്ഞു മാറുക. എഫേ.5:4 മ്ലേച്ഛതയും വ്യർത്ഥഭാഷണവും ചാപല്യവും നമ്മുക്ക് യോജിച്ചതല്ല. ഈശോ പറയുന്നുണ്ട്. ഓരോ വ്യർത്ഥവാക്കിനും വിധിദിനം കണക്ക് കൊടുക്കേണ്ടി വരും. ഇന്റർനെറ്റിലൂടേയും ഇന്റർനെറ്റ് കഫേകളിലൂടെയും മൊബൈൽ ഫോണിലൂടെയും ലഹരിമരുന്നിലൂടെയും അശ്ലീലപുസ്തകങ്ങളിലൂടെയും ബ്ലൂഫിലിമിലൂടെയും പ്രേമബന്ധങ്ങളിലൂടെയും എത്രയോ യൗവനങ്ങൾ ഈയ്യാംപാറ്റകളെപ്പോലെ പിടഞ്ഞ് വീണ് രക്ഷപ്പെടാനാവാത്തവിധം നശിക്കുന്നു. ഒരിക്കൽ ഒരു യുവാവ് ധ്യാന ഗുരുവിനോട് ചോദിച്ചു. ഗുരോ ഞാൻ നഗ്നചിത്രങ്ങൾ കണ്ടിട്ടുണ്ട് ദൈവം എന്നെ ശിക്ഷിക്കുമോ.

ഗുരു പറഞ്ഞു. നിനക്ക് ശിക്ഷ കിട്ടി ക്കഴിഞ്ഞല്ലോ. എങ്ങനെയാണ് യുവാവ് ചോദിച്ചു. ഗുരു പറഞ്ഞു. നീ നഗ്നചിത്രം കണ്ടപ്പോൾ നിനക്ക് നഷ്ടപ്പെട്ടത് നിന്റെ അമ്മയെയും സഹോദരിയെയുമാണ്. ഇത് കണ്ടതിനുശേഷം നിനക്ക് അവരെ അമ്മയായി, സഹോദരിയായി കാണാൻ കഴിയുന്നുണ്ടോ? ഇത് നിനക്കുള്ള ശിക്ഷയല്ലേ. ഗുരുവിന്റെ ഈ വാക്ക് കേട്ട് യുവാവ് പൊട്ടിക്കരഞ്ഞു.

പാപം ചെയ്യാൻ ഒരു ദിവസം…അതിനുവേണ്ടി കരയാൻ ഒരു ജന്മം. പാപത്തിന്റെ ആരംഭം രസകരവും, സുഖകരവും, നിസ്സാരവുമാണ്. എന്നാൽ അതിന്റെ അവസാനം ഭീകര ദുരന്തമാണ്.

ദുഷിച്ച കൂട്ടുകെട്ട് ഭൂമിയിലെ നരകമാണ്. യുവജനങ്ങളെ, സർപ്പത്തിന്റെ വായിൽ നിന്നെന്നപോലെ ദുഷ്ടകൂട്ടുകെട്ടിൽ നിന്ന് ഓടിയകലുക. അല്ലെങ്കിൽ ഈ ദുഷ്ടകൂട്ടുകെട്ട് നിന്റെ അമൂല്യമായ ജീവൻ നശിപ്പിക്കും (പ്രഭാ. 21:2). പ്രഭാഷകൻ 12:13-14ൽ പറയുന്നു. പാമ്പാട്ടിയെ പാമ്പുകടിച്ചാൽ ആർക്കു സഹതാപം തോന്നും?. പാപിയുമായി സഹവസിക്കുകയും പാപങ്ങളിൽ മുഴുകുകയും ചെയ്യുന്നവനോട് ആർക്കും സഹതാപം തോന്നുകയില്ല. ദുഷ്ടകൂട്ടുകെട്ടുകളെ നീ നശിപ്പിക്കുന്നില്ലെങ്കിൽ ദുഷ്ട കൂട്ടുകെട്ട് നിന്നെ നശിപ്പിക്കും തീർച്ച. സുഭാ 24: 1 ൽ പറയുന്നു. ദുഷ്ടരോട് കൂട്ടുകൂടാൻ ആഗ്രഹിക്കരുത്. സുഭാ 22:3 ൽ പറയുന്നു. ജ്ഞാനി ആപത്തു കണ്ടറിഞ്ഞ് ഒഴിഞ്ഞു മാറുന്നു. അല്പബുദ്ധി മുമ്പോട്ടുപോയി ദുരന്തം വരിക്കുന്നു. ദുഷിച്ച കൂട്ടുകെട്ട് ഈ ഭൂമിയിലെ നരകമാണ്. ആ നരക തീയിൽ നിന്റെ അമൂല്യ യൗവ്വനം കരിച്ചുകളയരുത്.

ഒരിക്കലും പാപത്തെ പ്രണയിക്കരുത്. യൗവ്വനത്തിന്റെ വികാരമല്ല. യൗവ്വനത്തിന്റെ വിവേകം, പക്വത നിങ്ങളെ നയിക്കട്ടെ. ലൈംഗീക വികാരങ്ങൾക്ക് അടിമപ്പെട്ട് അല്പസുഖത്തിനായി സ്വയംഭോഗത്തിനും വ്യഭിചാരത്തിനും അശ്ലീല കാഴ്ചകൾക്കുമായി ജീവിതത്തെ സ്വയം തിരിച്ചെടുക്കാനാവാത്തവിധം എറിഞ്ഞുടക്കരുത്. ജീവിതം അടിച്ചുപൊളിച്ചല്ല. അടിച്ചു പരുവപ്പെടുത്തി മുന്നേറാനുള്ളതാണ്.

ശരീരം ഒരു ദേവാലയം. നിങ്ങൾ അറിയുക…
നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണ് (1 കൊറി 6 : 19)
ഈ ആലയത്തെ നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും (1 കൊറി 3 :17)
നിങ്ങളുടെ ശരീരം ക്രിസ്തുവിന്റെ അവയവമാണ് (1 കൊറി 6 :15)
ക്രിസ്തുവിന്റെ ശരീരത്തെ വേശ്യയുടെ അവയവങ്ങളാക്കരുത് (1 കൊറി 6: 15)
നിങ്ങളിൽ ദൈവത്തിന്റെ ഛായ നിലനിൽക്കുന്നു (ഉൽപ 9:6)
നിങ്ങളിലെ ദൈവഛായ പാപം ചെയ്ത് നശിപ്പിച്ചുകളയരുത് (മർക്കോ 5)
നിങ്ങൾ ദൈവത്തിന്റെ വയലും വീടുമാണ്. (1 കൊറി 3:9). യേശു വസിക്കുന്ന നിങ്ങളാകുന്ന വീടിനെ തകർക്കരുത്.
നിങ്ങളുടെ ശരീരങ്ങൾ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി അർപ്പിക്കേണ്ട ബലി വസ്തുവാണ് (റോമ 12: 1)

അതിനാൽ യുവജനമേ ശരീരത്തെ നശിപ്പിക്കരുത്. കാരണം ശരീരം കൊണ്ടു ചെയ്തിട്ടുള്ള നന്മതിന്മകൾക്കുപ്രതിഫലം സ്വീകരിക്കുന്നതിന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ വരണം." (2 കോറി 5/10)
നീ വ്യഭിചാരത്തിനായി പോകരുത്. കശാപ്പുശാലയിലേക്ക് കാള പോകുന്നതുപോലെയാണത്. കലമാൻ കുരുക്കിൽ പെടുന്നതു പോലെയാണത്. പക്ഷി കെണിയിൽ ചെന്നുപെടുന്നപോലെയാണത്. (പ്രഭാ. 26/22)
വേശ്യ തുപ്പലിനേക്കാൾ വില കെട്ടതാണ് (പ്രഭാ. 23:27). തുപ്പലിനേക്കാൾ വിലകെട്ടത് ഭക്ഷിക്കാൻ പോകരുത്.
വേശ്യ അഗാധഗർത്തം പോലെയാണ് (സുഭാ. 23/27). അഗാധഗർത്തതിൽ വീഴരുത്.
സുഭാഷിതങ്ങൾ 6:32ൽ പറയുന്നു: വ്യഭിചാരം ചെയ്യുന്നവന് സുബോധമില്ല. അവൻ തന്നെതന്നെയാണ് നശിപ്പിക്കുന്നത്. ക്ഷതങ്ങളും മാനഹാനിയുമാണ് അവന് ലഭിക്കുക.
നിങ്ങളുടെയിടയിൽ വ്യഭിചാരത്തിന്റെ പേരുപോലും കേൾക്കരുത് എഫേ 5/3
വ്യഭിചാരത്തിലൂടെ ശരീരം ക്ഷയിച്ച് എല്ലും തോലുമായി ഞരങ്ങുമെന്ന് സുഭാ. 5/11
വ്യഭിചാരിണി തന്റെ ജീവനെ ഒളിവിൽ വേട്ടയാടുന്നു. അവളിൽ നിന്ന് അകന്നുമാറുവിൻ (സുഭാ.

6:26) അവളുടെ വാതിൽക്കൽ ചെല്ലരുത് (സുഭാ 5:8)
1 കോറി 6:10-ൽ പറയുന്നു: സ്വവർഗ്ഗഭോഗികൾ ദൈവരാജ്യം അവകാശമാക്കുകയില്ല. സോദോംഗൊമാറ പട്ടണത്തിന്റെ നാശത്തിനു കാരണം സ്വവർഗ്ഗഭോഗമാണ്. ദൈവം ആ പട്ടണങ്ങളെ അഗ്നിയിറക്കി നാമാവശേഷമാക്കി. (ഉൽപ്പ. 19:23-29)
1 കോറി 6/20ൽ പറയുന്നു: ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ.
റോമ 12/1 ൽ പറയുന്നു: "ശരീരം വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതാണ് യഥാർത്ഥമായ ആരാധന.
1 കോറി. 6/13 പറയുന്നു. "ശരീരം കർത്താവിനും കർത്താവ് ശരീരത്തിനും വേണ്ടിയുള്ളതാണ്.